സർവ്വീസ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള ശ്രീ. ജാസ്പർ തോമസിന്റെ യഥാർത്ഥ സർവ്വീസ് പുസ്തകം അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അനുവാദം ഇല്ലാതെ ഡ്യൂപ്ലിക്കേറ്റായി മാറ്റിയെന്നും പിന്നീട് പുതുതായി തുടങ്ങിയ സർവ്വീസ് പുസ്തകമാണ് നഷ്ടമായതായി പറയപ്പെടുന്നതെന്നും റിപ്പോർട്ട് ചെയ്യപ്പെടുന്നു. ടിയാന്റെ സർവ്വീസ് പുസ്തകം ഉൾപ്പെടെയുള്ള സർവ്വീസ് രേഖകൾ സൂക്ഷിച്ചിരുന്ന അലമാരയുടെ താക്കോൽ ശ്രീ. ജാസ്പർ തോമസിന്റെ കൈവശമായിരുന്നു. ബന്ധപ്പെട്ട അധികാരികളുടെ അനുവാദമില്ലാതെയാണ് ടിയാൻ സർവ്വീസ് പുസ്തകം മാറ്റിയത്. സർവ്വീസ് പുസ്തകം നഷ്ടപ്പെട്ടതിൽ ശ്രീ. ജാസ്പർ തോമസ് കൃത്രിമം കാണിച്ചിട്ടുണ്ടെന്ന് സംശയിക്കുന്നതിനാലും ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി സർവ്വീസ് ബുക്ക് നഷ്ടപ്പെടാൻ ഇടയായ സാഹചര്യത്തെക്കുറിച്ച് വിശദമായ അന്വേഷണം നടത്തി ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കാൻ പൊതു വിദ്യാഭ്യാസ ഡയറക്ടറോടാവശ്യപ്പെട്ടിട്ടുണ്ട്.

(ബി) 17-7-2000 മുതൽ 11-8-2000 വരെയും 21-8-2000 മുതൽ 2-9-2000 വരെയും ശ്രീ. ജാസ്പർ തോമസ് പകുതി ശമ്പളാവധിയിൽ ആയിരുന്നു. എന്നാൽ സർവ്വീസ് പുസ്തകത്തിന്റെ അഭാവത്തിൽ ഈ അവധികൾ അംഗീകരിച്ച് നൽകുവാൻ കഴിഞ്ഞിട്ടില്ല.

(സി) ഡ്യൂപ്ലിക്കേറ്റ് സർവ്വീസ് പുസ്തകം തുടങ്ങുന്നതിന് അനുസരിച്ച് ടിയാന്റെ മുഴുവൻ ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതാണ്.

(ഡി ആന്റ് ഇ) ശ്രീ. ജാസ്പർ തോമസിന്റെ നഷ്ടപ്പെട്ട സർവ്വീസ് ബുക്കിന് പകരം ഡ്യൂപ്ലിക്കേറ്റ് ഉണ്ടാക്കുന്നതിന് അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അദ്ധ്യാപകേതര ജീവനക്കാർക്ക് വാടകയിനത്തിൽ ഇളവ്

58 [2276] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപകഭവൻ/ശിക്ഷക്സദൻ എന്നിവയിൽ താമസിക്കുന്നതിന് അദ്ധ്യാപകർക്ക് നൽകുന്ന കൺസഷൻ ഇതേ വകുപ്പിലെതന്നെ മിനിസ്റ്റീരിയൽ ജീവനക്കാർക്ക് ബാധകമാണോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഒരേ വകുപ്പിൽ ജോലി ചെയ്യുന്ന ആളുകൾക്ക് രണ്ടു തരത്തിൽ വാടക നിശ്ചയിച്ചത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) മിനിസ്റ്റീരിയൽ ജീവനക്കാർക്കുകൂടി ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ബാധകമല്ല.

(ബി ആന്റ് സി) അദ്ധ്യാപകരിൽനിന്നും ഫണ്ട് സമാഹരിച്ചാണ് ഈ സ്ഥാപനങ്ങൾ ഉണ്ടാക്കിയിട്ടുള്ളത്. ഇവയുടെ നടത്തിപ്പിന്റെ മേൽനോട്ടവും നിയന്ത്രണവും അംഗീകൃത അദ്ധ്യാപക സംഘടനാ പ്രതിനിധികൾ ഉൾക്കൊള്ളുന്ന ഭരണ സമിതിക്കാണ്. ഈ സാഹചര്യത്തിൽ വാടകയുടെ കാര്യത്തിൽ അദ്ധ്യാപകർക്ക് മാത്രമേ കൺസഷൻ അനുവദിക്കാറുള്ളൂ.

(ഡി) ഇങ്ങനെയൊരു നിർദ്ദേശം പരിഗണനയിലില്ല.

സസ്പെൻഷനും സാമ്പത്തിക ക്രമക്കേടുകളിൽ പ്രതിയുമായ ആളെ സ്പോർട്ട്സിന്റെ ചുമതലയിൽനിന്നും മാറ്റാൻ നടപടി

59 [2277] ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി. പി. ഐ. ഓഫീസിൽ ഇപ്പോൾ സ്പോർട്ട്സിന്റെ ചുമതല വഹിക്കുന്ന ആൾ ആരാണ്; ഇദ്ദേഹത്തിന്റെ പേര് വെളിപ്പെടുത്തുമോ;

(ബി) ഈ ആളിന്റെ പേരിൽ വിജിലൻസ് കേസുകൾ എത്ര എണ്ണം ഉണ്ട്; എത്ര കേസുകൾ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്;

(സി) ഏതൊക്കെ കേസുകളിലാണ് ഇദ്ദേഹത്തിന്റെ പേരിൽ നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇദ്ദേഹം സാമ്പത്തിക ക്രമക്കേടിൽ സസ്പെൻഷൻ ആയിട്ടുണ്ടോ; എങ്കിൽ ഏത് കേസിലാണ്;

(ഇ) സസ്പെൻഷനും സാമ്പത്തിക ക്രമക്കേടിൽ കേസും അന്വേഷണവും ഉള്ള ആളെ സ്പോർട്ട്സിന്റെ ചുമതല വഹിക്കാൻ നിയമിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) അരുൺകുമാർ, ഡെപ്യൂട്ടി ഡയറക്ടർ (എംപ്ലോയ്മെന്റ്).

(ബി ആന്റ് സി) ശ്രീ. അരുൺകുമാർ തിരുവനന്തപുരം വിദ്യാഭ്യാസ ഉപ ഡയറക്ടറായിരിക്കെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം അദ്ധ്യാപക നിയമനം നടത്തിയത് സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുകയും തുടർന്ന് വി.സി. 1/2002/എസ്.ആർ.റ്റി. നമ്പരിൽ കേസ് രജിസ്റ്റർ ചെയ്ത് നടപടികൾ തുടർന്ന് വരികയുമാണ്. കൂടാതെ കണ്ണൂർ ജില്ലയിലെ പി.ഡി. ടീച്ചറായിരുന്ന ശ്രീമതി ശാന്ത അതേ തസ്തികയിൽ കേരളാ പബ്ലിക്ക് സർവ്വീസ് കമ്മീഷനിൽ അപേക്ഷിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly